# നവീന സസ്യജാതി സംരക്ഷണ സംഘടന: ഒരു പുതിയ വഞ്ചന

**അദർ ഇന്ത്യ ഫീച്ചർ ടീം**

അടിസ്ഥാന ഭക്ഷ്യവസ്തുക്കളേയും കയറ്റുമതിവിളകളേയും സംബന്ധിച്ച പേറ്റന്റ് നിയമങ്ങൾ ഏഷ്യൻ രാഷ്ട്രങ്ങൾ കർശനമായി പാലിക്കണമെന്ന് ലോകവ്യാപാരസംഘടന കഴിഞ്ഞ മാർച്ചിൽ ബാങ്കോക്കിൽ വെച്ചുചേർന്നപ്പോൾ ആവശ്യപ്പെടുകയുണ്ടായി. നവസസ്യവർഗ്ഗ സംരക്ഷണത്തിനുള്ളസംഘടന, ലോകവ്യാപാരസംഘടയുടേയും ലോകബൗദ്ധികസ്വത്ത് സംഘടനയുടേയും തുറന്ന പിന്തുണയോടുകൂടിയാണ് ഈ യോഗം സംഘടിപ്പിച്ചത്. ഇന്ത്യ, ഇന്തോനേഷ്യ, പാകിസ്ഥാൻ, ഫിലിപ്പൈൻസ്, ദക്ഷിണ കൊറിയ, തായ്‌ലണ്ട് തുടങ്ങിയ രാജ്യങ്ങളിലെ സർക്കാർ പ്രതിനിധികളും യൂറോപ്പിലേയും വടക്കേ അമേരിക്കയിലേയും വ്യവസായ പ്രതിനിധികളുമാണ് ഈ യോഗത്തിൽ സംബന്ധിച്ചത്. ഈ നിയമങ്ങൾ നടപ്പിലാവുന്നതോടെ ഏറെ കുറെ കഷ്ടനഷ്ടങ്ങൾ അനുഭവിക്കേണ്ടിവരാനുള്ള കർഷകരുടേയോ ഗ്രാമീണജനവിഭാഗങ്ങളുടേയോ പ്രതിനിധികളേയോ ഒന്നും ഈ യോഗത്തിലേക്ക് ക്ഷണിക്കുകയുണ്ടായില്ല.

ഏഷ്യൻ രാജ്യങ്ങൾ, ലോകവ്യാപാര സംഘടനയുടെ വിപണി സംബന്ധമായ ബൗദ്ധിക സ്വത്തവകാശനിയമങ്ങളിലെ ജൈവവൈവിധ്യ വകുപ്പുകൾ എങ്ങനെയാണ് നടപ്പിലാക്കുവാൻ പോകുന്നത് എന്നതിനെ കുറിച്ചായിരുന്നു യോഗത്തിലെ മുഖ്യചർച്ചാവിഷയം. വിപണി സംബന്ധമായ ബൗദ്ധികസ്വത്തവകാശ നിയമപ്രകാരം വികസിതരാഷ്ട്രങ്ങൾ നവസസ്യവർഗ്ഗങ്ങൾക്ക് 2000 ജനുവരിയോടെ പേറ്റന്റ് മുഖേനയോ പ്രത്യേക നിയമങ്ങൾ വഴിയോ ഇവർക്ക് കുത്തകാവകാശങ്ങൾ വകവെച്ചുകൊടുക്കേണ്ടതുണ്ട്. വിപണി സംബന്ധമായ ബൗദ്ധികാവകാശനിയമപ്രകാരമുള്ള ബാധ്യതകൾ പൂർത്തികരിക്കുന്നതിനായി ഏഷ്യൻരാജ്യങ്ങൾ സ്വയം വില്പനചരക്കായി മാറണമെന്നാണ് നവസസ്യവർഗ്ഗ സംരക്ഷണ സംഘടനയുടെ താല്പര്യം.

നവസസ്യവർഗ്ഗസംരക്ഷണ സംഘടനയുടെ ഉച്ചകോടികളും നിയമങ്ങളും കോർപ്പറേറ്റ് സസ്യപ്രജനകർക്ക് പേറ്റന്റിനുസമാനമായ സംരക്ഷണം നല്കുന്നു. ഇതിന്റെ അർത്ഥം മൊൺസാന്റോ, നോവർട്ടീസ് തുടങ്ങിയബഹുരാഷ്ട്രഭീമൻമാർക്ക് പുതിയ വിത്തിനങ്ങൾ ഉപയോഗിക്കുന്ന കർഷകരിൽനിന്നും ഫീസ് ഈടാക്കാനുള്ള സുവർണ്ണാവസരം ലഭിക്കുന്നുവെന്നാണ്. ഇങ്ങനെയൊരു സംവിധാനം 1961 ൽ വ്യാവസായിക രാഷ്ട്രങ്ങൾ പേറ്റന്റിനുബദലായി നടപ്പിലാക്കിയിരുന്നു. അതിനുശേഷം ഈ സംഘടനയുടെ ഓരോ ഉച്ചകോടിയും കൂടുതൽ കൂടുതൽ ദോഷഫലങ്ങൾ ഉളവാക്കികൊണ്ടിരിക്കുന്നു. നവസസ്യവർഗ്ഗ സംരക്ഷണ സംഘടന ഏഷ്യൻ രാജ്യങ്ങളോട് തങ്ങളുടെ നിയമങ്ങൾ പാലിക്കുവാനായി ആവശ്യപ്പെട്ടു വരികയാണ്. ദേശീയബോധമുള്ള ശാസ്ത്രജ്ഞർ ഈ നീക്കങ്ങളെ ശക്തിയുക്തം എതിർത്തുകൊണ്ടിരിക്കുകയാണ്. ഈ ശാസ്ത്രജ്ഞൻമാർ ഭയപ്പെടുന്നത് നവസസ്യവർഗ്ഗസംരക്ഷണ സംഘടനയുടെ നിയമങ്ങൾ രാജ്യാന്തരകുത്തകകളെ മാത്രം സഹായിക്കുന്ന ദുഷ്ടനിയമങ്ങളാണെന്നാണ്. ഇന്ന് കൃഷിക്കാരും സർക്കാരിതരസംഘടനകളും തദ്ദേശീയ ജനസമൂഹങ്ങളും ജീവനെ പേറ്റന്റ് ചെയ്യുന്ന എല്ലാതരം നിയമങ്ങൾക്കും എതിരെ കടുത്തപോരാട്ടത്തിലാണ്. ജൈവകൊള്ളകൾ ഏറെ അനുഭവിച്ചവർക്ക് ഇത്തരം ദുഷ്ട ലാക്കുകളെ എതിർത്തുതോല്പിക്കാതെ രക്ഷയില്ല.

നവസസ്യവർഗ്ഗ സംരക്ഷണ സംഘടനയുടെ ഇത്തരം നീക്കങ്ങൾക്ക് ലോകവ്യാപാര സംഘടന എല്ലാവിധ ഒത്താശകളും ചെയ്തുപോരുന്നുണ്ട്. സസ്യപ്രജനകരുടെ സ്വത്താവകാശങ്ങൾ അംഗീകരിച്ചുകൊണ്ടുള്ള നിയമനിർമ്മാണമല്ലാതെ മറ്റൊരു പോംവഴിയുമില്ലായെന്ന അഭിപ്രായമാണ് അമേരിക്കയും 23 ബില്യൺ വിറ്റുവരവുള്ള വ്യാവസായിക വിത്തുല്പാദകർക്കുമുള്ളത്. നവസസ്യവർഗ്ഗ സംരക്ഷണ സംഘടനയുടെ നിർദ്ദേശങ്ങൾ ഇന്ത്യക്കൊട്ടും യോജിച്ചതല്ല. ആയിരക്കണക്കിന് വർഷങ്ങളായി വിത്തുല്പാദിപ്പിക്കുകയും പ്രജനനം നടത്തുകയും ചെയ്ത നമ്മുടെ സാധാരണ കൃഷിക്കാരുടെ താല്പര്യങ്ങൾക്കും അവകാശങ്ങൾക്കും എതിരാണിത്. ഇന്ത്യയിൽ ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്ന ജനിതക ചോർച്ചയുടെ വേഗത കൂട്ടുന്ന ഒന്നാണിത്.

പുതിയ വിത്തിനങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനുവേണ്ടി രാജ്യാന്തര കുത്തകകൾ കോടികളാണ് ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. ദശലക്ഷക്കണക്കിന് ഹെക്ടർ ഭൂമികളിൽ ഇത് കൃഷി ചെയ്താൽ മാത്രമേ ഇറക്കിയ മുതൽ തിരിച്ചുപിടിക്കുവാൻ അവർക്ക് കഴിയൂ. കുത്തകാവകാശങ്ങളിലൂടെ തിരിച്ചുപിടിക്കൽ അതിവേഗത്തിലാക്കുവാൻ കഴിയും. അതിനുവേണ്ടിയാണ് നവസസ്യവർഗ്ഗ സംരക്ഷണ സംഘടന കുതന്ത്രങ്ങൾ മെനയുന്നത്. ഇത്തരം നീക്കങ്ങളിലൂടെ കൃഷിക്കാർക്ക് വിത്തിൻമേലുള്ള നിയമപ്രകാരമുള്ള അവകാശങ്ങൾ എന്നെന്നേക്കുമായി നഷ്ടപ്പെടും. അതുപോലെ ജനിതക എഞ്ചിനീയറിംഗ് തുടങ്ങിയ അനാവശ്യ ഗവേഷണങ്ങൾക്കുള്ള ചെലവ് വഹിക്കേണ്ട ഗതികേടുകൂടി വന്നുചേരും.

ഇത്തരം കരിനിയമങ്ങളുടെ ഇരകളാകുന്ന സാധാരണക്കാർ പലയിടങ്ങളിലും സമരപാതയിലാണ്. വിപണി സംബന്ധമായ ബൗദ്ധിക സ്വത്താവകാശങ്ങൾക്കെതിരെ ഫിലിപ്പൈൻസിലെ കൃഷിക്കാർ വൻ പ്രകടനങ്ങൾ നടത്തുകയുണ്ടായി. വിപണി സംബന്ധമായ ബൗദ്ധിക സ്വത്താവകാശങ്ങളിൽ നിന്നും ജൈവവൈവിധ്യം ഒഴിവാക്കണമെന്ന് ഇവർ ആവശ്യപ്പെടുന്നു. ജനിതക സമ്പത്തുക്കളെ ജനങ്ങളുടെ സമ്പത്ത് എന്ന നിലയിലാണ് കൃഷിക്കാർ കണക്കാക്കുന്നത്. പക്ഷെ വിത്തുകളിൻമേലുള്ള ബൗദ്ധികാവകാശം കൃഷിക്കാരനും, ജൈവവൈവിധ്യത്തിനും എതിരാണ്. ഇവ അസൻമാർഗ്ഗികവുമാണ്. നവസസ്യ വർഗ്ഗ സംരക്ഷണ സംഘടനയുടെ നിയമങ്ങൾ അനുസരിക്കുന്നതിനു മുമ്പ് അതതു സർക്കാരുകൾ കൃഷിക്കാരുമായി കൂടിയാലോചനക്ക് തയ്യാറാവേണ്ടതുണ്ട്.

[തേഡ് വേൾഡ് നെറ്റ് വർക്കിനോട് കടപ്പാട്]


### പുതിയ മാഗസിൻ

പുതിയ എഴുത്തുകാരുടെ രചനകൾക്കു മാത്രമായി ഒരു പ്രസിദ്ധീകരണം ആരംഭിക്കാനുദ്ദേശിക്കുന്നു; ഒരു ചെറു മാഗസിനല്ല ഉദ്ദേശ്യം. താത്പര്യമുള്ളവർ ഒരു കത്തിടുക.

അഡ്വർടൈസർ (എം- 1)
കേരളീയം,
പി.ബി. നമ്പർ 100
തൃശൂർ - 1.


Editor: M.P. Sreedevi